# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കണിച്ചാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1639/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 15/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണിച്ചാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1639/2023 തീയ്യതി: 15/11/2023

## കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-11-2022 മുതൽ 05-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ. ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2023 | 18-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2023 | 18-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ആന്റണി സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പ്രദീപൻ. എൻ. | സെക്രട്ടറി | 01-04-2022 | 22-11-2022 |
| ശ്രീ. ടി. ഡി. തോമസ്. | സെക്രട്ടറി | 23-11-2022 | 02-12-2022 |
| ശ്രീ. ബാലകൃഷ്ണൻ കെ കല്യാടൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-12-2022 | 21-02-2023 |
| ശ്രീമതി. ഷീനാകുമാരി പാല | സെക്രട്ടറി | 22-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നിഷ പറമ്പത്ത് കല്ലി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീ. പ്രേമരാജൻ കാണിയേരി | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 01-12-2022 |
| ശ്രീ. ബാലകൃഷ്ണൻ കെ കല്യാടൻ | അസിസ്റ്റന്റ് സെക്രട്ടറി | 02-12-2022 | 31-03-2023 |
| ശ്രീ. വിഷ്ണു. വി. ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. ജോർജ്ജ് കെ. ജെ. | കൃഷി ഓഫീസർ | 01-04-2022 | 01-03-2023 |
| ശ്രീ. ബെൻജി ഡാനിയേൽ | കൃഷി ഓഫീസർ | 02-03-2023 | 31-03-2023 |
| ശ്രീ. ഷാജീവൻ. പി. | വി.ഇ.ഒ. കണിച്ചാർ | 01-04-2022 | 31-03-2023 |
| ശ്രീ. അജിത്ത് കുമാർ. പി. കെ. | വി.ഇ.ഒ. കൊളക്കാട് | 01-04-2022 | 31-03-2023 |
| ഡോ. ജോൺ ബ്രിട്ടോ | മെഡിക്കൽ ഓഫീസർ PHC | 01-04-2022 | 26-04-2022 |
| ഡോ. സദാനന്ദൻ. എ. | മെഡിക്കൽ ഓഫീസർ PHC | 27-04-2022 | 31-05-2022 |
| ഡോ. പ്രിയ സദാനന്ദൻ. | മെഡിക്കൽ ഓഫീസർ PHC | 01-06-2022 | 19-06-2022 |
| ഡോ. അരുൾജിത്ത്. കെ. എം. | മെഡിക്കൽ ഓഫീസർ PHC | 20-06-2022 | 31-03-2023 |
| ഡോ. ജോൺസൺ പോൾ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ഹരിപ്രിയ. എച്ച്. | മെഡിക്കൽ ഓഫീസർ GAD | 01-04-2022 | 01-06-2022 |

| | | | |
|---|---|---|---|
| ഡോ. രശ്മി. ജി. ആർ. | മെഡിക്കൽ ഓഫീസർ GAD | 02-06-2022 | 31-03-2023 |
| ശ്രീമതി. ആശ. എം. പി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഗീത. സി. കെ. | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. ബിനുരാജ്. പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല. | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-8 |
| 10 | രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം. | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വിശദാംശങ്ങൾ | 1-6-1 |
| 16 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല. | 1-6-2 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | ഗ്രാമ സഭ | 1-10 |
| 22 | വസ്തുനികുതി- വഴി സൗകര്യം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു | 1-11 |
| 23 | വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് നൽകൽ- ലൈസൻസ് കൂടാതെ വളർത്തുന്നതിന് പിഴ ഈടാക്കേണ്ടതാണ് | 1-12 |
| 24 | ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും മുഴുവൻ തുകയും തിരികെ ലഭിച്ചില്ല | 1-13 |
| 25 | ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക വിതരണം നടത്തുന്നു. | 1-14 |
| 26 | കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം | 1-15 |

| | | |
|---|---|---|
| | നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 27 | ആർ ആർ എഫ് വിഹിതം-ബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 28 | റിംഗ് കമ്പോസ്റ്റ് വിതരണം - കൈപ്പറ്റ് വിവരം ലഭ്യമല്ല ₹734265 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 29 | ലാപ് ടോപ്പ് കംപ്യൂട്ടറുകൾ വാങ്ങൽ- തുക സ്ഥാപനത്തിന് കൈമാറിയില്ല.₹ 144828 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 30 | പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനായും ലഭ്യമാകാത്തതിനാൽ ₹28337 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 31 | പെയിൻ ആന്റ് പാലിയേറ്റിവ് - മരുന്നും ഉപകരണങ്ങും മുഴുവനായും ലഭ്യമാകാത്തതിനാൽ ₹78330 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 32 | ഏലപ്പീടിക ടേക്ക് എ ബ്രേക്ക് -കുഴൽ കിണറും മോട്ടോർ സ്ഥാപിക്കലും-പൂർത്തീകരണ വിവരം ലഭ്യമല്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 33 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-22 |
| 34 | ഓടന്തോട് അംഗൻവാടിക്ക് മോട്ടോറും ടാങ്കും - കരാറുകാരന് GSTകോമ്പൻസേഷൻ ഇനത്തിൽ അധികം അനുവദിച്ച ₹3986 യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-23 |
| 35 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല | 1-24 |
| 36 | മാലിന്യസംസ്ക്കരണം | 1-25 |
| 37 | ആസ്തിപരിപാലനം- അവലോകനം | 1-26 |
| 38 | തനത് വരുമാനം- അവലോകനം | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഓടന്തോട് അംഗൻവാടിക്ക് മോട്ടോറും ടാങ്കും - കരാറുകാരന് GSTകോമ്പൻസേഷൻ ഇനത്തിൽ അധികം അനുവദിച്ച ₹3986യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-1 |
| | **ഭാഗം 4** | |
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കണിച്ചാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22-07-2023 ലെ 253/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 22-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കണിച്ചാർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ, ഡെപ്യൂട്ടി ഡയറക്ടർ,

15-11-2023. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും

**പൊരുത്തപ്പെടുന്നില്ല.**

I. ദുരിതാശ്വാസ നിധി : ബാലൻസ് ഷീറ്റിലെ ബി 17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹331610) ബി2 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹325250) പൊരുത്തപ്പെടുന്നില്ല

Ii. CFC Grant : B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹6948682) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹6715151) പൊരുത്തപ്പെടുന്നില്ല.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹5749200 യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹5959384 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-5 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-6 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, വാടക വരവ് എന്നിവ മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-7 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തിട്ടില്ല.

ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ദുരിതാശ്വാസ നിധി അക്കൗണ്ടിൽ 1-8-2022 ൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത ₹500 രസീത് പുറപ്പെടുവിച്ച് കണക്കിലെടുത്തിട്ടില്ല.

## 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-9 രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

I. ബാലൻസ് ഷീറ്റ് B-15 Schedule പ്രകാരം തൊഴിൽ നികുതി ഇനത്തിൽ ₹13500 യും ലൈസൻസ് ഫീസ്

ഇനത്തിൽ ₹8500 യും കുടിശ്ശികയുണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

Ii. RP-5 ഷെഡ്യൂൾ പ്രകാരം സെയിൽ ഓഫ് ടെണ്ടർ ഫോം ഇനത്തിൽ ₹153320 രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

Iii. B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവിധ ഗ്രാന്റിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-2 ബജറ്റ്

കണിച്ചാർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ ബജറ്റ് 30-3-2022 ലെ 120/22 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 949748 |
| വരവ് | 226698748 |
| ആകെ | 227648496 |
| ചെലവ് | 226528748 |
| നീക്കിയിരിപ്പ് | 1119748 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2022-23 |
| മുന്നിരിപ്പ് | 13178803 |
| വരവ് | 31053771 |
| ആകെ | 44232574 |
| ചെലവ് | 25304571 |
| നീക്കിയിരിപ്പ് | 18928003 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | 3986 |
| തടസ്സപ്പെടുത്തിയ തുക | 1163760 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 15005000 | 15005000 | 13923312 | 1081688 |
| വികസന ഫണ്ട് - എസ് സി പി | 0 | 707000 | 707000 | 654314 | 52686 |
| വികസന ഫണ്ട് - ടി എസ് പി | 0 | 4622000 | 4622000 | 4266304 | 355696 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 7838000 | 7838000 | 7428869 | 409131 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 4571000 | 4571000 | 4381137 | 189863 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 3408103 (ബാങ്ക്) | 4982000 (ബാങ്ക്) 2342320 (ട്രഷറി) | 10732423 | 1956771 (ബാങ്ക്) 138096 (ട്രഷറി) | 6433332 (ബാങ്ക്) 2204224 (ട്രഷറി) |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് | 0 | 3321000 (ബാങ്ക്) 380471 (ട്രഷറി) | 3701471 | 3039181 (ബാങ്ക്) 340553 (ട്രഷറി) | 281819 (ബാങ്ക്) 39918 (ട്രഷറി) |
| പിന്നോക്ക മേഖല ഗ്രാന്റ് | 588145 | 0 | 588145 | 0 | 588145 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 825021 | 785038 | 1610059 | 222739 | 1387320 |
| ടോട്ടൽ സാനിറ്റേഷൻ | 383097 | 0 | 383097 | 0 | 383097 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 261845 | 261845 | 261845 | 0 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 296957 | 296957 | 28596 | 268361 |
| ഹെൽത്ത്ഗ്രാന്റ് | 0 | 162244 | 162244 | 144828 | 17416 |
| എം പി ഫണ്ട് | 73182 | 0 | 73182 | 0 | 73182 |
| എസ് എസ് എ | 848 | 0 | 848 | 0 | 848 |
| എംജിഎൻആർഇജിഎസ് | 3496 | 34114163 | 34117659 | 34117042 | 617 |
| ഹെൽത്ത് മിഷൻ ഫണ്ട് | 0 | 700000 | 700000 | 699722 | 278 |
| ശുചിത്വ മിഷൻ ഫണ്ട് | 398135 | 24000 | 422135 | 325038 | 97097 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 255000 | 0 | 255000 | 0 | 255000 |
| റൂറൽ ഹൗസിങ് ഫണ്ട് | 740000 | 2800000 | 3540000 | 1960000 | 1580000 |
| വിമുക്തി | 17870 | 0 | 17870 | 0 | 17870 |
| സാക്ഷരത | 6295 | 0 | 6295 | 0 | 6295 |

**1-5 പദ്ധതി അവലോകനം.**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 190 | 206507736 | 147 | 48012639 | 48 | 43 | 52 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 53 | 44 | 7739522 | 6938741 | 90 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 846589 | 720999 | 85 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 54 | 34 | 33482440 | 14329685 | 43 |

| | | | | | | |
|---|---|---|---|---|---|---|
| 4 | കൃഷി ഓഫീസർ | 9 | 9 | 2088240 | 1915635 | 92 |
| 5 | വി.ഇ.ഒ. കണിച്ചാർ | 15 | 10 | 146498000 | 12564000 | 9 |
| 6 | വി.ഇ.ഒ. കൊളക്കാട് | 11 | 9 | 4381254 | 1554770 | 35 |
| 7 | മെഡിക്കൽ ഓഫീസർ PHC | 11 | 10 | 1879711 | 1491940 | 79 |
| 8 | മെഡിക്കൽ ഓഫീസർ GAD | 2 | 2 | 520000 | 519998 | 99.9 |
| 9 | മെഡിക്കൽ ഓഫീസർ GHD | 2 | 2 | 175000 | 175000 | 100 |
| 10 | വെറ്റിനറി സർജൻ | 3 | 3 | 1230000 | 1230000 | 100 |
| 11 | ICDS സൂപ്പർവൈസർ | 11 | 8 | 3724581 | 2917585 | 78 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1500000 | 1499461 | 99.9 |
| 13 | ഹെഡ് മാസ്റ്റർ | 12 | 10 | 2442399 | 2154825 | 88 |
| | ആകെ | 190 | 147 | 206507736 | 48012639 | 23 |

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-വിശദാംശങ്ങൾ

1. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ

| വർഷം | ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) |
|---|---|---|---|
| 2022-23 | 468 | 176 | 127 |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം 2022-23

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 240 |

| | | |
|---|---|---|
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3390 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1318 |
| 4 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 456 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100 |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 81082 |
| 7 | തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | 0 |

3. എസ്. സി / എസ്. ടി പങ്കാളിത്തം

| വർഷം | പഞ്ചായത്തിലെ ആകെ എസ് സി / എസ് ടി കുടുംബങ്ങൾ | | രജിസ്റ്റർ ചെയ്ത എസ് സി/എസ് ടി കുടുംബങ്ങൾ | |
|---|---|---|---|---|
| | എസ് സി | എസ് ടി | എസ് സി | എസ് ടി |
| 2022-23 | 71 | 562 | 71 | 412 |

## 1-6-2 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൻവർഷം നടപ്പിലാക്കിയ മെറ്റീരിയൽ പ്രവൃത്തികളിൽ 9 എണ്ണം റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് റോഡ് ചെയിനേജ് രേഖപ്പെടുത്താതെയാണ്. ഇതേ റോഡുകളിൽ തന്നെ മറ്റ് ഫണ്ടുകൾ പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാൽ എസ്റ്റിമേറ്റിൽ റോഡ് ചെയിനേജ് വിവരം രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇക്കാര്യം ഉചിതമായ നടപടികൾക്കായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3496 | 1323105 | 1326601 | 1325984 | 617 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 32791058 | 32791058 | 32791058 | - |
| ആകെ | 3496 | 34114163 | 34117659 | 34117042 | 617 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 75 | 872400 |
| വിധവാ പെൻഷൻ | 562 | 5671200 |
| വാർദ്ധക്യകാല പെൻഷൻ | 1478 | 15233200 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 183 | 1898000 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 27 | 281000 |
| വിവാഹ ധനസഹായം | 3 | 90000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-10-2023 ന് 3.48 Pm സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3351 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകളിലൂടെ ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരികത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. നികുതി നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിൽ ആകെ 13 വാർഡുകളാണുള്ളത്. 2022-23ൽ 5/2022, 8/2022, 10/2022, 12/2022 എന്നീ മാസങ്ങളിലായി ഗ്രാമസഭായോഗങ്ങൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭാ യോഗങ്ങളിൽ ക്വാറം തികയുകയും അജണ്ടകളിൻമേൽ ചർച്ച നടക്കുകയും തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തുനികുതി- വഴി സൗകര്യം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം വസ്തുനികുതി നിർണയിക്കുമ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ ഇളവുകളും വർദ്ധനവും എത്രയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗം ഒന്നര മീറ്ററോ അതിൽ കുറവോ ഉള്ള വഴിയാണെങ്കിൽ അടിസ്ഥാന വസ്തുനികുതിയിൻമേൽ 10% ഇളവും അഞ്ചു മീറ്ററോ അതിൽ കൂടുതലോ ആണെങ്കിൽ 20% വർദ്ധനവും അഞ്ചു മീറ്ററിൽ കുറവും ഒന്നരമീറ്ററിൽ കൂടുതലുള്ളതുമാണെങ്കിൽ ഇളവ്,വർദ്ധനവ് അനുവദിക്കേണ്ടതില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത കെട്ടിടങ്ങളുടെ അംഗീകരിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വഴി സൗകര്യം പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമസ്ഥൻ | കെട്ടിട നമ്പർ | വിസ്തീർണ്ണം $M^2$ | അനുവദിച്ച ഇളവുകൾ/ വർദ്ധനവ് | സൈറ്റ് പ്ലാൻ പ്രകാരമുള്ള വഴി സൗകര്യം | അനുവദിക്കേണ്ട ഇളവുകൾ / വർദ്ധനവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ഉഷാദ്. എ. കെ. | 2/205 C | 111.09 | മേഖല-10% ഇളവ് വഴി സൗകര്യം- ഇളവ്, വർദ്ധനവ് ഇല്ല | 6 മീറ്റർ വീതിയുള്ള റോഡ് | മേഖല-10% ഇളവ് വഴി സൗകര്യം- 20% വർദ്ധനവ് |
| 2 | പനംതോട്ടത്തിൽ സിനി ജോസഫ്, ഡാമിയൻ ജോഷി, കോളിൻ ജോഷി, ഇവാനിയ ജോഷി | 10/301 B | 235.59 | മേഖല-10% ഇളവ് വഴി സൗകര്യം- ഇളവ്, വർദ്ധനവ് ഇല്ല | 6 മീറ്റർ വീതിയുള്ള റോഡ് | മേഖല-10% ഇളവ് വഴി സൗകര്യം- 20% വർദ്ധനവ് |

മേൽ അപാകം സംബന്ധിച്ച് 18/16-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഡാറ്റാ എൻട്രിയിലുണ്ടായ പിഴവാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയുൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് നൽകൽ- ലൈസൻസ് കൂടാതെ വളർത്തുന്നതിന് പിഴ ഈടാക്കേണ്ടതാണ്

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടിക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പട്ടി, പന്നി എന്നിവയെ കൈവശം വയ്ക്കുന്നതിനും വളർത്തുന്നതിനും ലൈസൻസിനായി അപേക്ഷിക്കേണ്ടതാണെന്നും അപേക്ഷയോടൊപ്പം പേ വിഷബാധയ്ക്ക് എതിരായുള്ള കുത്തിവെപ്പ് നടത്തിയിട്ടുണ്ടെന്ന മൃഗഡോക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2022-23 ലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ മൃഗാശുപത്രിയിൽ നിന്നുള്ള കണക്കുകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2106 വളർത്തുപട്ടികളുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 8-8-2021 ലെ RC3/241/2021/LSGD സർക്കുലർ പ്രകാരം വളർത്തു മൃഗങ്ങളെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കണമെന്ന് അറിയിപ്പ് നൽകുന്നതിനായി പൊതു നോട്ടീസ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും, 2022-23 സാമ്പത്തിക വർഷം ആകെ എത്ര വളർത്തു മൃഗങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നും ലൈസൻസ് കൂടാതെ പട്ടി, പന്നി എന്നിവയെ വളർത്തിയതിന് മേൽ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം പിഴ ഈടാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നതിന് 4/9-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2022-23 സാമ്പത്തിക വർഷം മേൽ വിഭാഗത്തിൽ പെടുന്ന 226 വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും സാമൂഹ്യ മാധ്യമം വഴി പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. സർക്കുലർ പ്രകാരം നോട്ടീസ് തയ്യാറാക്കി അറിയിപ്പു നൽകേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് തല പരിശോധന നടത്തുന്ന വേളയിൽ വളർത്തുമൃഗങ്ങളുടെ വിവരങ്ങൾ കൂടി ശേഖരിക്കാവുന്നതാണ്. ലൈസൻസ് കൂടാതെ പട്ടി, പന്നി എന്നിവയെ വളർത്തിയതിന് 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടിക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും മുഴുവൻ തുകയും തിരികെ

**ലഭിച്ചില്ല**

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും കണിച്ചാർ ഗ്രാമ പഞ്ചായത്തിന് ഇതു വരെ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫീയിനത്തിൽ ലഭിക്കാൻ ബാക്കിയുള്ളതുമായ ₹217878 യുടെ വർഷം തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ലഭിക്കാനുണ്ടായിരുന്ന തുക | 2022-23 ൽ ലഭിച്ച തുക | ലഭിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| 1 | 2016-17 | 68800 | 68800 | ഇല്ല |
| 2 | 2017-18 | 70400 | 70400 | ഇല്ല |
| 3 | 2018-19 | 102408 | ഇല്ല | 102408 |
| 4 | 2019-20 | 12430 | ഇല്ല | 12430 |
| 5 | 2020-21 | 22400 | ഇല്ല | 22400 |
| 6 | 2021-22 | 80640 | ഇല്ല | 80640 |
| | ആകെ | 357078 | 139200 | 217878 |

ഇ-ടെണ്ടർ ഫീ ഇനത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കാനുള്ള ₹217878 ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-14 ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക വിതരണം നടത്തുന്നു.**

ഗ്രാമ പഞ്ചായത്തിലെ 2022 ലെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ മരണപ്പെട്ടതിനു ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്തതായി വ്യക്തമാകുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണ വിവരങ്ങൾ |
|---|---|---|---|
| മറിയം വിളാനിക്കൽ 861534998396 | 111700200696 | 6-1-22 | 6/2023 വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| മേരി വർക്കി 937366318946 | 111700201115 | 23-1-22 | 6/2023 വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ശോശാമ്മ 342571198089 | 111700600357 | 28-3-22 | 6/2023 വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ |

| | | | |
|---|---|---|---|
| | | | ക്രെഡിറ്റ് ചെയ്തു |
| പന്തപ്ലാക്കൽ അന്നമ്മ 625828525496 | 111700100028 | 12-10-22 | 6/2023 വരെ സാമൂഹ്യ സുരക്ഷ പെൻഷൻ (കർഷക തൊഴിലാളി പെൻഷൻ) |

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടെയും പുനർവിവാഹം ചെയ്തവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് അവരെ സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. മേൽ അപാകം സംബന്ധിച്ച് 33/17-10-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഡെത്ത് രജിസ്റ്റർ പരിശോധിച്ച് ഇപ്രകാരം മരണമടഞ്ഞതിന് ശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ടോയെന്ന് കൂടുതൽ പരിശോധന നടത്തേണ്ടതും സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ഗുണഭോക്താക്കൾ മരണമടഞ്ഞതിന് ശേഷവും അവരുടെ പെൻഷൻ തുക കൈപ്പറ്റിയവരെ കണ്ടെത്തി അനർഹമായി കൈപ്പറ്റിയ തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നത് സംബന്ധിച്ച ധനകാര്യ (SFC CELL – B) വകുപ്പിന്റെ 5/11/20 ലെ സർക്കുലർ നമ്പർ 67/20 ലെ നിർദ്ദേശങ്ങൾ പാലിക്കണം എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 129/23 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം നൽകൽ |
| അടങ്കൽ | ₹50000 വികസന ഫണ്ട് – ജനറൽ<br>₹50000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ : ₹100000 |
| ചെലവ് | ₹50000 ബിൽ നമ്പർ : 173/19-1-2023 |

കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ശ്രീ. അനവദ്യ മനോജ് എന്ന ഗുണഭോക്താവിന്റെ അപേക്ഷ പരിഗണിച്ച് ₹50000 കേരള സാമൂഹ്യസുരക്ഷാമിഷന് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/13-10-2023) വിനിയോഗ സാക്ഷ്യപത്രത്തിനും മറ്റ് രേഖകൾക്കുമായി കേരള സാമൂഹ്യസുരക്ഷാമിഷന് കത്ത് നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിനൽകിയത്. വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താവായ കുട്ടിയുടെ കേൾവിശക്തിക്കായുള്ള ഉപകരണങ്ങൾക്ക് കൃത്യമായ പരിപാലനം നടന്നു എന്ന് തെളിയിക്കുന്ന

മോണിറ്ററിംഗ് സർട്ടിഫിക്കറ്റും ലഭ്യമാക്കാത്തതിനാൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09/11/2023 ലെ ഡി.എ/284/23 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഭരണ സമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 ആർ ആർ എഫ് വിഹിതം-ബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 201/23 ആർ.ആർ.എഫ് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നൽകൽ |
| അടങ്കൽ | ₹28,000 വികസനഫണ്ട് |
| ചെലവ് | ₹28,000 ബിൽ നമ്പർ : 22220552010600898486/13-12-2022 |

ആർ ആർ എഫ് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നൽകൽ എന്ന പ്രോജക്ട് പ്രകാരം ₹28000 പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (6/09-10-23) എസ്.സി.1/269/23/6-1-2023 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിനോട് വിനിയോഗ സാക്ഷ്യപത്രത്തിന് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമായിട്ടില്ലെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 റിംഗ് കമ്പോസ്റ്റ് വിതരണം - കൈപ്പറ്റ് വിവരം ലഭ്യമല്ല ₹734265 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കൊളക്കാട് |
| പ്രോജക്ട് നമ്പർ / പേര് | 24/23 വീടുകളിൽ റിംഗ് കമ്പോസ്റ്റ |
| അടങ്കൽ | ₹11,25,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>₹1,25,000 ഗുണഭോക്തൃവിഹിതം<br>ആകെ : ₹1,25,0000 |
| ചെലവ് | ₹7,34,265 ബിൽ നമ്പർ : 313/27-03-2023 |

വീടുകളിൽ റിംഗ് കമ്പോസ്റ്റ് എന്ന പ്രോജക്ട് പ്രകാരം വീടുകളിൽ വിതരണം ചെയ്യുന്നതിനുള്ള റിംഗ് കമ്പോസ്റ്റുകൾ ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന കമ്പനിയെ ആണ് വിതരണ ചുമതല ഏൽപിച്ചിട്ടുള്ളത്. സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ 0033/14-03-2023 നമ്പർ ഇൻവോയ്സ് പ്രകാരം 333 എണ്ണം റിംഗ് കമ്പോസ്റ്റുകളുടെ വില (@2187) നികുതിയടക്കം ₹8,15,850 യാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതമായ ₹7,34,265 യിൽ ₹14568 ജി.എസ്.ടി ഈടാക്കി ബാക്കി ₹705128 മുകളിൽ കൊടുത്ത പ്രകാരം സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ 510101001819762 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് തുക കൈപ്പറ്റിയതിന്റെയും റിംഗ് കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃവിഹിതമായി ₹81,585 പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ഈ തുക ഡിസ്ട്രിബ്യൂട്ടേഴ്സിന് കൈമാറിയതിന്റെ വിവരങ്ങളും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 31/16-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻകയറിക്ക് ഗുണഭോക്താക്കൾ റിംഗ് കമ്പോസ്റ്റ് കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതാണെന്നും ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത ₹81,585 ഡിസ്ട്രിബ്യൂട്ടേഴ്സിന് കൈമാറിയിട്ടില്ലെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. മേൽപ്പറഞ്ഞ

അപാകങ്ങൾ കാരണം ₹7,34,265 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് തുക കൈപ്പറ്റിയതിന്റെയും റിംഗ് കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ലാപ് ടോപ്പ് കംപ്യൂട്ടറുകൾ വാങ്ങൽ- തുക സ്ഥാപനത്തിന് കൈമാറിയില്ല.₹ 144828 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| പ്രോജക്ട് നമ്പർ / പേര് | 198/23, ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളാക്കൽ |
| അടങ്കൽ | ₹160000 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹144828 വൌച്ചർ നമ്പർ : 22200986/31-3-23 |

ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളാക്കൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുള്ള പ്രൊഫോർമ ഇൻവോയിസ് നം TVM/ITBG/PI/RC/46243/22-23/20-2-23 പ്രകാരം 3 ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസറുടെ റിക്വസിഷൻ പ്രകാരം ₹144828 വൌച്ചർ നമ്പർ : 22200986/31-3-23 പ്രകാരം സെക്രട്ടറി മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. കെൽട്രോണിന് തുക ലഭ്യമായതിന്റെ കൈപ്പറ്റ് രസീത്, ലാപ് ടോപ്പിന്റെ ക്യാഷ് ഇൻവോയിസ് ബില്ല്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 25/17-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും കെൽട്രോണിന്റെ ട്രഷറി അക്കൗണ്ടിലേക്ക് നേരിട്ട് തുക കൈമാറാൻ സാധിക്കാതെ വന്നതിനാൽ തുക താത്കാലികമായി ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുകയാണുണ്ടായതെന്നും തുടർന്ന് മെഡിക്കൽ ഓഫീസർ സ്ഥലം മാറിപോയതിനാൽ തുക കെൽട്രോണിന് കൈമാറാൻ സാധിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. മാർച്ച് മാസം അനുവദിച്ച തുക നാളിതുവരെയായും സ്ഥാപനത്തിന് കൈമാറാതിരുന്നത് കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. തുക കെൽട്രോണിന് കൈമാറിയിട്ടില്ലാത്തതിനാൽ ₹144828 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക സ്ഥാപനത്തിന് കൈമാറി ലാപ് ടോപ്പുകൾ ലഭ്യമാകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനായും ലഭ്യമാകാത്തതിനാൽ ₹28337 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്ട്ര് നമ്പർ / പേര് | 34/23, പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹250000 മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ചെലവ് | ₹250000 ബിൽ നമ്പർ : 154/4-1-2023 |

മേൽ പ്രൊജക്ട് പ്രകാരം പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 24-12-2022 ലെ PRF-3153 നമ്പർ പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ₹250000 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ₹221663 യുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ₹28337 (250000-221663) യുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/17-10-2023) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിൽ സ്റ്റോക്കില്ലാത്തതിനാൽ മരുന്ന് ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ

മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹28337 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നുകളും ലഭ്യമായതിന്റെ രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 പെയിൻ ആന്റ് പാലിയേറ്റിവ് - മരുന്നും ഉപകരണങ്ങും മുഴുവനായും ലഭ്യമാകാത്തതിനാൽ ₹78330 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| പ്രോജക്ട് നമ്പർ / പേര് | 35/23, പെയിൻ ആന്റ് പാലിയേറ്റിവ് |
| അടങ്കൽ | ₹600000 വികസന ഫണ്ട് (പൊതുവിഭാഗം)<br>₹300000 ജില്ലാപഞ്ചായത്ത് വിഹിതം<br>ആകെ : ₹ 900000 |
| ചെലവ് | ₹564742 വികസന ഫണ്ട് (പൊതുവിഭാഗം)<br>₹300000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹ 864742 |

മേൽ പ്രൊജക്ട് പ്രകാരം പ്രഫോർമ ഇൻവോയിസ് PRF/3812/20-1-2023 പ്രകാരം പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി ബിൽ നമ്പർ 182/27-1-2023 പ്രകാരം ₹46960 യും പ്രഫോർമ ഇൻവോയിസ് PRF/4012/30-1-2023 പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് ബിൽ നമ്പർ 22220552010401138309/4-2-2023 പ്രകാരം ₹300000 യും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ₹45452 യുടെ മരുന്നും ₹223178 യുടെ ഉപകരണങ്ങളും ലഭിച്ചതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ₹1508 യുടെ മരുന്നും ₹76822 യുടെ ഉപകരണങ്ങളും ലഭ്യമാകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/17-10-2023) സ്ഥാപനത്തിൽ സ്റ്റോക്കില്ലാത്തതിനാൽ ബാക്കി തുകയുടെ മരുന്നും ഉപകരണങ്ങളും ലഭ്യമായിട്ടില്ലെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. മരുന്നും ഉപകരണങ്ങളും മുഴുവനായും ലഭ്യമായിട്ടില്ലാത്തതിനാൽ ₹78330 (76822+1508) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ഏലപ്പീടിക ടേക്ക് എ ബ്രേക്ക് -കുഴൽ കിണറും മോട്ടോർ സ്ഥാപിക്കലും- പൂർത്തീകരണ വിവരം ലഭ്യമല്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 48/23<br>ഏലപ്പീടിക ടേക്ക് എ ബ്രേക്ക് ടോയിലറ്റിന്<br>കുഴൽകിണറും മോട്ടോർ സ്ഥാപിക്കലും |
| അടങ്കൽ | ₹2,00,000 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ആകെ ചെലവ് | ₹1,00,000 ബിൽ നമ്പർ : 22220552010601051510/17.01.23 |

ഏലപ്പീടിക ടേക്ക് എ ബ്രേക്ക് ടോയിലറ്റിന് കുഴൽകിണറും മോട്ടോർ സ്ഥാപിക്കലും എന്ന മേൽ പ്രോജക്ട് പ്രകാരം ₹100000 ഭൂജല വകുപ്പിന്റെ 719011400000020 നമ്പർ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. ഭൂജല വകുപ്പിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ്

തുക നൽകിയത്. ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ 20.12.22ലെ ജി.ഡബ്ല്യു.ഡി/കെ.എൻ.ആർ/462/2022 നമ്പർ കത്ത് പ്രകാരം പ്രസ്തുത സ്ഥലത്ത് കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജല ലഭ്യതാ സാധ്യത ഉണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തി പൂർത്തിയായത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കുഴൽകിണർ കുഴിച്ചതിന്റെ വിവരം, കൈമാറിയ തുകയുടെ വിനിയോഗ വിവരം മറ്റ് തുടർ നടപടികൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/09-10-2023) പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നും ടെണ്ടർ നടപടികൾ ഭൂജലവകുപ്പ് പൂർത്തിയാക്കിയിട്ടുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09/03/2022, 10/07/2022 തീയതികളിലെ സർക്കുലർ നമ്പർ യഥാക്രമം ഡിഎ 64/22, 179/22 എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ / പേര് | 115/23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹400000 വികസന ഫണ്ട് - പൊതുവിഭാഗം<br>₹400000 മറ്റുള്ളവ<br>ആകെ : ₹800000 |
| ചെലവ് | ₹400000 ബിൽ നമ്പർ : 228/18-2-2023 |

ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകരുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ₹400000 കണ്ണൂർ ജില്ലാ എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ സ.ഉ (സാധാ)3096/22/ തസ്വഭവ/03.12.2022 പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം സംസ്ഥാന സർക്കാർ വിഹിതത്തിന് ആനുപാതികമായ തുകയും ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നാണ് പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത്. ഇപ്രകാരം 32 ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതമായി ഒരു ഗുണഭോക്താവിന് ₹12500 എന്ന നിരക്കിലാണ് ₹ 400000 എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുള്ളത്. പദ്ധതിയുടെ വിനിയോഗ പുരോഗതി സംബന്ധിച്ച വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/9-10-2023) 32 ഗുണഭോക്താക്കളുള്ളതിൽ 31 പേരും പദ്ധതിയിൽ തുടരുന്നുണ്ടെന്നും ലൂക്ക, മേച്ചേരി വീട് എന്ന ഗുണഭോക്താവ് പദ്ധതിയിൽ നിന്നും ഒഴിവായിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താവിന്റെ സബ്സിഡി വിഹിതമിനത്തിൽ ബാക്കി വരുന്ന തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതും. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ്.എൽ.ബി.പി യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-23 ഓടന്തോട് അംഗൻവാടിക്ക് മോട്ടോറും ടാങ്കും - കരാറുകാരന് GSTകോമ്പൻസേഷൻ ഇനത്തിൽ അധികം അനുവദിച്ച ₹3986 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ / പേര് | 66/23 |

| | |
|---|---|
| | ഓടന്തോട് അംഗൻവാടിക്ക് മോട്ടോറും ടാങ്കും (സ്പിൽ ഓവർ) |
| അടങ്കൽ | ₹1,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹96,201<br>ബിൽ നമ്പർ : 22220552010500528142/13-9-2022 |
| കരാറുകാരൻ | സന്ദീപ് കെ ജോസ്, Estimate Rate |
| കരാർ | AE/LSGD/KCR/52/2021-22/25-3-2022 |
| അളവ് പുസ്തകം | 52/2021-22 |
| വർക്ക് ബിൽ പ്രകാരം കണക്കാക്കിയത് | പ്രവൃത്തിയുടെ ആകെ മൂല്യം : 84242<br>Add 18 % GST (പർച്ചേസ് ബിൽ ഒഴികെയുള്ള ₹66441 യുടെ) : 11959<br>ആകെ : 96201<br>(-) ആദായ നികുതി : 842<br>(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി : 842<br>കരാറുകാരന് നൽകിയ തുക : 94517 |

ഓടന്തോട് അംഗൻവാടിക്ക് മോട്ടോറും ടാങ്കും എന്ന മേൽ പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് നൽകുന്നതിന് വർക്ക് ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം GSTകോമ്പൻസേഷൻ 12% (₹7973) അനുവദിക്കുന്നതിന് പകരം 18% (₹11959) ആണ് അനുവദിച്ചിട്ടുള്ളത്. മേൽ പ്രവൃത്തിയിൽ കരാറുകാരന് GSTകോമ്പൻസേഷൻ അനുവദിച്ചതിലെ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/15-10-2023) മേൽ പ്രവൃത്തിയുടെ കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ 30-3-2022 ന് പൂർത്തീകരിച്ചിരുന്നുവെന്നും കരാറുകാരന് അധികമായി അനുവദിച്ച തുക ഈടാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. അധികം അനുവദിച്ച ₹3986 (11959-7973) യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹3986 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## <u>1-24 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല</u>

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തികവർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. കണിച്ചാർ ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ഹോസ്പിറ്റൽ മാനേജിംഗ്

കമ്മറ്റിയുടെ വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആശുപത്രി മാനേജിംഗ് കമ്മറ്റി ആദ്യമായി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുനസംഘടിപ്പിച്ചതിന്റെയും വിശദാംശങ്ങൾ അറിയിക്കാനും വാർഷിക കണക്കുകൾ ഹാജരാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 27/16-10-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക കണക്കുകൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം.3/05/ആ.കു.വ നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## 1-25 മാലിന്യസംസ്ക്കരണം

1994ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/09.10.23 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**I. അജൈവമാലിന്യങ്ങൾ**

ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലെയും അജൈവമാലിന്യ ശേഖരണം ഹരിതകർമ്മസേന വഴി കൃത്യമായും ഫലപ്രദമായും നടന്നു വരുന്നു. ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എം സി എഫ് ൽ നിന്ന് ക്ലീൻ ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. പതിമൂന്നു വാർഡുകളിലായി ഈരണ്ട് വീതം ആകെ 26 എം സി എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആർ.ആർ.എഫ് ഇല്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ബെയിലിംഗ്-ഷ്രെഡിംഗ് യൂനിറ്റ് ഇല്ല. സ്വന്തമായി മാലിന്യ സംസ്കരണ പ്ലാന്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യ ശേഖരണ വിവരങ്ങൾ കൈമാറുന്നതിനായി ഹരിതമിത്രം മൊബൈൽ ആപ്പ് ഉപയോഗിക്കുന്നുണ്ട്. അജൈവ മാലിന്യവുമായി ബന്ധപ്പെട്ട് പ്രതിമാസ ശേഖരണ കലണ്ടർ തയ്യാറാക്കി വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നല്കിയിട്ടുണ്ട്. അതുപ്രകാരം ഹരിതകർമ്മ സേനാംഗങ്ങൾ പ്രവർത്തിച്ചു വരുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറക്കുന്നതിനായി വീടുകളിൽ തുണി സഞ്ചി വിതരണം ചെയ്തിട്ടുണ്ട്.

**II. ജൈവമാലിന്യം**

ഗാർഹിക ഉറവിട സംസ്കരണ രീതികൾ ഫലപ്രദമാക്കുന്നതിന് വീടുകളിൽ റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്യുന്നു. ഗാർഹികേതര സ്ഥാപനങ്ങൾ പന്നിഫാമുകൾക്ക് ആജൈവമാലിന്യം കൈമാറുന്നുണ്ട്. പൊതുസ്ഥലങ്ങളിൽ ഹരിതകർമ്മസേനാംഗങ്ങളും പൊതുജനങ്ങളും വാർഡ് മെമ്പർമാരും ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. നവകേരളം വൃത്തിയുള്ള കേരളം ക്യാമ്പയിൻ- Waroom.Lsgkerala.Gov.In എന്ന പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. വൈദ്യുതീകരിച്ച ഒരു എം.സി.എഫ് സ്വന്തമായില്ലാത്തത് ഗ്രാമപഞ്ചായത്തിന്റെ പോരായ്മയാണ്.

**III. ജല സമൃദ്ധ ഗ്രാമം**

1. ശുദ്ധജലസ്രോതസ്സുകൾ ശുചീകരിക്കുകയും തടയണകൾ നിർമ്മിക്കുകയും പുഴകൾക്കിരുപുറവും ഇടിഞ്ഞു പോകാതെ ചെറുമരങ്ങളും ചെടികളും മുളകളും നട്ടുപരിപാലിക്കുകയും പുഴയോരങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്.
2. ജാഗ്രതാസമിതി എല്ലാ വാർഡുകളിലും സജീവമാണ്.
3. ഗ്രാമപഞ്ചായത്തിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി മൂന്നിടങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

## 1-26 ആസ്തിപരിപാലനം- അവലോകനം

ഗ്രാമപഞ്ചായത്തിൽ ആസ്തിപരിപാലനവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സ്ഥലപരിശോധന നടത്തി ആസ്തികൾ നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനായി

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അധ്യക്ഷനായും അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറായും പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജനപ്രതിനിധികൾ എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 13-06-2023 ലെ 214(3)/2022 തീരുമാന പ്രകാരം ആസ്തിസംരക്ഷണ ഉപപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. റോഡുകളുടെ ആസ്തി രജിസ്റ്ററും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കിയിട്ടുണ്ട്. 2022-23 വർഷം മറ്റ് ഏജൻസികൾ വഴി ഗ്രാമപഞ്ചായത്ത് ആസ്തികളിൽ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തണമെന്ന് കാണിച്ച് താലൂക്ക് സർവെയർക്ക് ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയത് ഇതുവരെയും അളന്നു തിട്ടപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടക്കുന്നില്ല. കണിച്ചാർ വില്ലേജിൽ സർവ്വെ വകുപ്പിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ ഭൂസർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കണിച്ചാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15-09-2023 ലെ 292/2023 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ. എം. മാണി മെമ്മോറിയൽ റോഡ് ആണ് അവസാനമായി സചിത്ര സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി ആസ്തി വിവരം അപ്ഡേഷൻ നടത്തിയിട്ടുള്ളത്.

## 1-27 തനത് വരുമാനം- അവലോകനം

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള തനത് വരുമാനവർദ്ധനവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചപ്പോൾ വസ്തു നികുതി സംബന്ധിച്ചും വസ്തു നികുതി പുരോഗതി സംബന്ധിച്ചും ചർച്ച ചെയ്തിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാൻറിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേരുന്നില്ല. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### I. വസ്തു നികുതി

സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ പുതുക്കിയ നികുതി വിവരങ്ങൾ സംബന്ധിച്ച് അപ്ഡേഷൻ നടത്തിയിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തിയിട്ടില്ല. നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കെട്ടിടനിർമ്മാണം, മാലിന്യസംസ്ക്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു

സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**II. അനധികൃത നിർമ്മാണം**

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാനവർദ്ധവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയതിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 100 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

**III. സേവന ഉപനികുതി**

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ സേവനഉപനികുതി ചുമത്തിയിട്ടില്ല. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**IV. തൊഴിൽനികുതി.**

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡാറ്റാബേസിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും

വ്യാപാരികളുടെയും വ്യവസായികളുടെയും അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

**V. FTE&OS (Factory, Traders, Enterprenurship & Other Services) ലൈസൻസ്**

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. FTE&OS ലൈസൻസ് ഫീസ് ഭൂരിഭാഗവും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല ഈടാക്കുന്നത്. മാത്രമല്ല, മൂലധന നിക്ഷേപം രേഖപ്പെടുത്തിയവയിൽത്തന്നെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE &OS ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണസ്ഥാപനത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

**VI. മറ്റുവരവുകൾ**

ഗ്രാമപഞ്ചായത്തിലെ മറ്റ് പ്രധാനനികുതിയേതര വരുമാനം പഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലൂടെയുള്ള വാടക വരുമാനവും സിനിമ തീയേറ്ററിൽ നിന്നുള്ള വിനോദ നികുതിയുമാണ്. 6 മുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 3 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഒരു മുറി ജനകീയ ഹോട്ടലിനായി അനുവദിച്ചിട്ടുണ്ട്. മറ്റ് രണ്ട് മുറികൾ പ്രയോജനപ്പെടുത്തി വാടകയിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

**തനത് വരുമാന വർദ്ധനവിനുള്ള മറ്റു നിർദ്ദേശങ്ങൾ**

51.9 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള കണിച്ചാർ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി 7733 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നീ ഇനങ്ങളിലായി 2022-23 സാമ്പത്തിക വർഷം 43 ലക്ഷത്തോളം രൂപയാണ് ആകെ വരവുള്ളത്. മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് മേൽ പറഞ്ഞ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം താരതമ്യേന കുറവായതിനാലും മലകളും പുഴകളുമുള്ള ഭൂപ്രകൃതി ഉൾപ്പെടുന്ന പഞ്ചായത്തായതിനാലും തനത് വരുമാന വർദ്ധനവിനായി ടൂറിസം പദ്ധതികൾ നടപ്പാക്കാവുന്നതാണ്. വയനാടിനോട് അതിർത്തി പങ്കിടുന്ന സ്ഥലമായ ഏലപ്പീടിക, അരുവിക്കുഴി വെള്ളച്ചാട്ടം, ബാവലി പുഴയുടെ തീര പ്രദേശങ്ങൾ എന്നീ പ്രദേശങ്ങളിലെ കാലാവസ്ഥയും പ്രകൃതി ഭംഗിയും ഉപയോഗപ്പെടുത്തി ടൂറിസം വകുപ്പിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സഹായത്തോടെ ടൂറിസം പദ്ധതികൾ നടപ്പാക്കി അറിയപ്പെടുന്ന വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റി തനത് വരുമാന വർദ്ധനവിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തനത് വിഭവ സമാഹരണം വർധിപ്പിക്കുന്നത് സംബന്ധിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) 84/22/ത.സ്വ.ഭ തീ. 19/04/2022 ഖണ്ഡിക 5-1 ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഓടന്തോട് അംഗൻവാടിക്ക് മോട്ടോറും ടാങ്കും - കരാറുകാരന് GSTകോമ്പൻസേഷൻ ഇനത്തിൽ അധികം അനുവദിച്ച ₹3986യുടെ ചെലവ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ / പേര് | 66/23 ഓടന്തോട് അംഗൻവാടിക്ക് മോട്ടോറും ടാങ്കും (സ്പിൽ ഓവർ) |
| അടങ്കൽ | ₹1,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹96,201 ബിൽ നമ്പർ : 22220552010500528142/13-9-2022 |
| കരാറുകാരൻ | സന്ദീപ് കെ ജോസ്, Estimate Rate |
| കരാർ | AE/LSGD/KCR/52/2021-22/25-3-2022 |
| അളവ് പുസ്തകം | 52/2021-22 |
| വർക്ക് ബിൽ പ്രകാരം കണക്കാക്കിയത് | പ്രവൃത്തിയുടെ ആകെ മൂല്യം : 84242<br>Add 18 % GST<br>(പർച്ചേസ് ബിൽ ഒഴികെയുള്ള ₹66441 യുടെ) : 11959<br>ആകെ : 96201<br>(-) ആദായ നികുതി : 842<br>(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി : 842<br>കരാറുകാരന് നൽകിയ തുക : 94517 |

ഓടന്തോട് അംഗൻവാടിക്ക് മോട്ടോറും ടാങ്കും എന്ന മേൽ പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് നൽകുന്നതിന് വർക്ക് ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം GSTകോമ്പൻസേഷൻ 12% (₹7973) അനുവദിക്കുന്നതിന് പകരം 18% (₹11959) ആണ് അനുവദിച്ചിട്ടുള്ളത്. മേൽ പ്രവൃത്തിയിൽ കരാറുകാരന് GSTകോമ്പൻസേഷൻ അനുവദിച്ചതിലെ അപാകത സംബന്ധിച്ച് 24/15-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽ പ്രവൃത്തിയിൽ കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ 30-3-2022 ന് പൂർത്തീകരിച്ചിരുന്നുവെന്നും കരാറുകാരന് അധികമായി അനുവദിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. കരാറുകാരന് അധികമായി അനുവദിച്ച ₹3986 (11959-7973) യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹3986 കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-23 | 13-10-2023 | കെ.എസ്.എ/കെ.എൻ.ആർ/ സി.11/1639/2023 തീയതി – 15-11-2023 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| 1 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 62500 | 2022-23 | 167/23 സമഗ്ര നെൽകൃഷി വികസനം (സംയുക്ത പദ്ധതി) | 62500 | ഇല്ല |
| 2 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 2470000 | 2022-23 | 160/23 ലൈഫ് ഭവനം (പട്ടിക വർഗ്ഗം) 2022 | 2470000 | ഇല്ല |
| 3 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | 2022-23 | 55/23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | ഇല്ല |
| 4 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 499461 | 2022-23 | 164/23 ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ | 499461 | ഇല്ല |
| | ആകെ | 3231961 | | | 3231961 | |
| 5 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 62500 | 2022-23 | 167/23 സമഗ്ര നെൽകൃഷി വികസനം (സംയുക്ത പദ്ധതി) | 62500 | ഇല്ല |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 300000 | 2022-23 | 35/23 പെയിൻ & പാലിയേറ്റീവ് | 300000 | ഇല്ല |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 150000 | 2022-23 | 166/23 ലൈഫ് ഭവന പദ്ധതി പട്ടിക ജാതി 2022 | 150000 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 3110000 | 2022-23 | 160/23 ലൈഫ് ഭവനം (പട്ടിക വർഗ്ഗം) 2022 | 3110000 | ഇല്ല |
| 9 | കണ്ണൂർ | 70000 | 2022-23 | 55/23 ശാരീരിക | 70000 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | | | മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 500000 | 2022-23 | 164/23 ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ | 500000 | ഇല്ല |
| | ആകെ | 4192500 | | | 4192500 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക (₹) | ബിൽ നമ്പർ/ തീയതി | ചെലവഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| KSEB | 12/23 വാരപ്പീടിക മഞ്ഞളാംപുറം റോഡ് സ്ട്രീറ്റ്മെയിൻ വലിക്കൽ | 136408 | 55/16-9-2022 | 136408 | പൂർത്തീകരിച്ചു |
| KSEB | 15/23 ചാണപ്പാറ കല്ലടി റോഡ് സ്ട്രീറ്റ്മെയിൻ വലിക്കൽ | 148916 | 57/16-9-2022 | 148916 | പൂർത്തീകരിച്ചു |
| KSEB | 16/23 രാജമുടി മലയമ്പാടി റോഡ് സ്ട്രീറ്റ്മെയിൻ വലിക്കൽ | 219716 | 58/19-9-2022 | 219716 | പൂർത്തീകരിച്ചു |
| KSEB | 10/23 അയോത്തുംചാൽ രണ്ടാംപാലം റോഡ് സ്ട്രീറ്റ്മെയിൻ വലിക്കൽ | 232224 | 53/16-9-2022 | 232224 | പൂർത്തീകരിച്ചു |
| KSEB | 13/23 താനിക്കുന്ന് -നെടുമ്പ്രംചാല് പൂളക്കുറ്റി റോഡ്-സ്ട്രീറ്റ്മെയിൻ വലിക്കൽ | 333468 | 56/16-9-2022 | 333468 | പൂർത്തീകരിച്ചു |
| KSEB | 11/23 തുണ്ടിയിൽ കൊളക്കാട് രാജമുടി റോഡ് സ്ട്രീറ്റ്മെയിൻ വലിക്കൽ | 398840 | 54/16-9-2022 | 398840 | പൂർത്തീകരിച്ചു |

| | | | | | |
|---|---|---|---|---|---|
| KSEB | 17/23 മടപ്പുരച്ചാൽ മണത്തണ റോഡ് സ്ട്രീറ്റ്മെയിൻ വലിക്കൽ | 49560 | 59/16-9-2022 | 49560 | പൂർത്തീകരിച്ചു |
| KSEB | 14/23 കണിച്ചാർ ചെങ്ങോം റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ | 151984 | 36/25-8-2022 | 151984 | പൂർത്തീകരിച്ചു |
| KSEB | 106/23 പുതിയ പഞ്ചായത്ത് ഓഫീസിലേക്ക് ത്രീ ഫേസ് കണക്ഷൻ | 41887 | 85/29-10-2022 | 41887 | പൂർത്തീകരിച്ചു |
| GWD | 114/23 കൊളക്കാട് കാടൻമല റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് അരികിലേക്ക് മാറ്റി സ്ഥാപിക്കൽ | 33127 | 86/29-10-2022 | 33127 | പൂർത്തീകരിച്ചു |
| GWD | 42/23 മടപ്പുരച്ചാൽതട്ട് പൊതുകുടിവെള്ള ബോർവെൽ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | 3711 | 293/23-3-2023 | 3711 | പൂർത്തീകരിച്ചു |
| GWD | 48/23 ഏലപ്പീടിക ടേക്ക് എ ബ്രേക്ക് ടോയ്ലറ്റിന് കുഴൽകിണർ | 100000 | 169/17-1-2023 | 100000 | പൂർത്തീ കരിച്ചില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി (ഹഡ്കോ) | ജി. ഒ (എം.എസ്) നം.68/2018/ ത.സ്വ.ഭ.വ/ 18-5-2018 | 85,20,000 | 6474764 | ഇല്ല | 1767764 | - | 4707000 |

2021-22 വർഷം സ.ഉ(സാധാ). 22/2022 ധന. തീയതി 1-1-2022 ഉത്തരവ് പ്രകാരം ലഭിച്ച വികസന ഫണ്ടിന്റെ 3-ാം ഗഡുവിൽ നിന്ന് നേരിട്ട് കുറവ് ചെയ്ത ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് തുകയായ ₹425334 പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവ് കാണിക്കാത്തതിനാലാണ് മേൽ പട്ടിക പ്രകാരമുള്ള തുക വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടാത്തത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹332217 യുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2003-04 | 3-7(2) | 5000 | എം. എസ്. ഫിലിപ്പോസ് | 1220100941/24-09-2022 |
| 2003-04 | 3-8(2) | 6933 | സി. എം. പൈലി | 1220100527/1-07-2022 |
| 2018-19 | 1-22 | 59421 | ഭൂജല വകുപ്പ് | 1220100630/18-07-2022 |
| 2019-20 | 1-14 | 73430 | ഭൂജല വകുപ്പ് | 1220100694/3-8-2022 |
| 2015-16 | 3-1 | 1200 | ജലാലുദ്ദീൻ. കെ. വി, വി.ഇ.ഒ | 1220100932/23-9-202 |
| 2017-18 | 3-7 | 360 | സിബി തോമസ് | 1220100957/26-9-2022 |
| 2019-20 | 1-12 | 2500 | സന്ദീപ് കെ ജോസ് | 1220100697/4-8-2022 |
| 2019-20 | 1-12 | 2500 | സന്ദീപ് കെ ജോസ് | 1220100698/4-8-2022 |
| 2017-18 | 2-2(4)4 | 120 | അക്ഷയ സെന്റർ | 1220100855/13-9-2022 |
| 2017-18 | 2-2(4)4 | 120 | അക്ഷയ സെന്റർ | 1220100856/13-9-2022 |
| 2017-18 | 2-2(4)5 | 180 | സന്തോഷ് കുമാർ, പ്രേരക് | 1220100867/13-9-2022 |
| 2017-18 | 2-2(4)5 | 180 | സന്തോഷ് കുമാർ, പ്രേരക് | 1220100868/13-9-2022 |
| 2017-18 | 2-2 | 300 | ശോഭന. സി. | 1220100883/16-9-2022 |
| 2017-18 | 2-2 | 300 | ശോഭന. സി. | 1220100884/16-9-2022 |
| 2017-18 | 2-2 | 300 | ടി. ടി. ശിവദാസൻ | 1220100885/16-9-2022 |
| 2017-18 | 2-2 | 300 | ടി. ടി. ശിവദാസൻ | 1220100886/16-9-2022 |
| 2017-18 | 2-2 | 300 | സി. ബി. ഉഷാകുമാരി | 1220100887/16-9-2022 |
| 2017-18 | 2-2 | 300 | സി. ബി. | 1220100888/16-9-2022 |

| | | | | |
|---|---|---|---|---|
| | | | ഉഷാകുമാരി | |
| 2017-18 | 2-2 | 300 | ജോബി സബസ്റ്റ്യൻ | 1220100889/16-9-2022 |
| 2017-18 | 2-2 | 300 | ജോബി സബസ്റ്റ്യൻ | 1220100890/16-9-2022 |
| 2017-18 | 2-2 | 300 | എ. കെ. മാത്യു. | 1220100891/16-9-2022 |
| 2017-18 | 2-2 | 300 | എ. കെ. മാത്യു. | 1220100892/16-9-2022 |
| 2015-16 | 2-8 | 2500 | രവീന്ദ്രൻ. കെ | 1220100930/22-9-2022 |
| 2015-16 | 2-8 | 2500 | ടി. യു. ഉലഹനാൻ | 1220100931/22-9-2022 |
| 2015-16 | 2-8 | 1250 | ടി. ടി. മാത്യു | 1220100943/24-9-2022 |
| 2005-06 | 2-8 | 1250 | ടി. ടി. മാത്യു | 1220100944/24-9-2022 |
| 2005-06 | 2-1(A,D,E,F,G) | 300 | എം. സി. സരോജിനി | 1220100951/24-9-2022 |
| 2005-06 | 2-1(A,D,E,F,G) | 300 | എം. സുമിത | 1220100952/24-9-2022 |
| 2005-06 | 2-1(A,D,E,F,G) | 123 | ഹെഡ് മിസ്ട്രസ്, ഡോ. പൽപ്പു മെമ്മോറിയൽ സ്കൂൾ | 1220100953/24-9-2022 |
| 2015-16 | 2-8 | 1250 | അഭിലാഷ് മൈക്കിൾ | 1220100954/24-9-2022 |
| 2015-16 | 2-8 | 1250 | അഭിലാഷ് മൈക്കിൾ | 1220100955/24-9-2022 |
| 2015-16 | 2-8 | 2500 | ഷൈജു. കെ. എം. | 1220100958/26-9-2022 |
| 2015-16 | 2-8 | 2500 | ഷിബു എം ജോർജ് | 1220100959/26-9-2022 |
| 2015-16 | 2-8 | 2500 | വി. ഡി. മത്തായി. | 1220100960/26-9-2022 |
| 2009-10, 2010-11 | 3-17 | 2834 | സി. പൈലി. | 1220100528/1-7-2022 |
| 2017-18 | 2-5 | 139200 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD | 1220103454/4-3-2023 |
| 2020-21 | 1-30 | 5990 | നിഷ. പി. കെ, അസിസ്റ്റന്റ് സെക്രട്ടറി | 1220100571/7-7-2022 |
| 2005-06 | 3-6 | 9007 | സെക്രട്ടറി | വൗച്ചർ നമ്പർ 42200403/3-10-2022 |
| 2005-06 | 3-6 | 2019 | സെക്രട്ടറി | വൗച്ചർ നമ്പർ 42200411/6-10-2022 |
| | ആകെ | ₹332217 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 19 | 2003-04 | 3.13.17 | സമഗ്ര നാളികേര വികസന പദ്ധതി-പമ്പ് സെറ്റ് വിതരണം അനർഹർക്ക് ആനുകൂല്യം നൽകി | പരാമർശം നിലനിൽക്കുന്നു |
| 2002-03 | 3-1 | 2006-07 | 3.99.1 | റോഡ് പ്രവൃത്തിക്ക് ടാർ വാങ്ങൽ തുക ദുരുപയോഗം ചെയ്തു | പരാമർശം നിലനിൽക്കുന്നു |
| ലഘു അവലോകനം | | 2012-13 | 2-7 | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസ നിധി | പരാമർശം നിലനിൽക്കുന്നു |
| ലഘു അവലോകനം | | 2012-13 | 2-8 | തുടർ വിദ്യാഭ്യാസ പരിപാടി | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.4.5.2 | ലേബർ ബഡ്ജറ്റും കാർഷിക കർമ്മ പരിപാടി | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.4.3 | ഗ്രാമസഭകളുടെ പ്രവർത്തനം | പരാമർശം നിലനിൽക്കുന്നു |
| | | 2012-13 | 3.4.5.13 അനുബന്ധം-9.13 | ജാഗ്രതാ മേൽനോട്ട സമിതികൾ | പരാമർശം നിലനിൽക്കുന്നു |
| - | - | 2014-15 | 4.3.2.12 | ഒരേ വ്യക്തി ഒന്നിലധികം പെൻഷൻ വാങ്ങുന്നു | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | ഖ.1 അനുബന്ധം-3 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-8 | 2016-17 | ഖ.2 അനുബന്ധം-5 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 31053771 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 25304571 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 3986 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 1163760 |

### ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-23 | - | 3986 | ശ്രീ. വിഷ്ണു. വി. ബി, അസിസ്റ്റന്റ് എഞ്ചിനീയർ |

### സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-15 | 50000 | ശ്രീമതി. ആശ. എം. പി, ICDS സൂപ്പർവൈസർ |
| 1-16 | 28000 | ശ്രീ. ബാലകൃഷ്ണൻ കെ കല്യാടൻ, സെക്രട്ടറി ഇൻ ചാർജ് |
| 1-17 | 734265 | ശ്രീ. അജിത്ത് കുമാർ. പി. കെ, വി.ഇ.ഒ. കൊളക്കാട് |
| 1-18 | 144828 | ഡോ. അരുൾജിത്ത്. കെ. എം, മെഡിക്കൽ ഓഫീസർ PHC |
| 1-19 | 28337 | ഡോ. അരുൾജിത്ത്. കെ. എം, മെഡിക്കൽ ഓഫീസർ PHC |
| 1-20 | 78330 | ഡോ. അരുൾജിത്ത്. കെ. എം, മെഡിക്കൽ ഓഫീസർ PHC |
| 1-21 | 100000 | ശ്രീ. ബാലകൃഷ്ണൻ കെ കല്യാടൻ, സെക്രട്ടറി ഇൻ ചാർജ് |
| ആകെ | 1163760 | |

### ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം**

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ആശ. എം. പി, ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ കണിച്ചാർ ഗ്രാമ പഞ്ചായത്ത് | മഠത്തിനാമറ്റത്തിൽ, കണ്ണവം, പി. ഒ, കണ്ണൂർ |
| ശ്രീ. ബാലകൃഷ്ണൻ കെ കല്യാടൻ, സെക്രട്ടറി ഇൻ ചാർജ് | അസിസ്റ്റന്റ് സെക്രട്ടറി മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | കല്യാടൻ ഹൗസ്, പുന്നാട് - പി. ഒ ഇരിട്ടി, കണ്ണൂർ |
| ശ്രീ. അജിത്ത് കുമാർ. പി. കെ, വി.ഇ.ഒ. കൊളക്കാട് | വി.ഇ.ഒ പായം ഗ്രാമ പഞ്ചായത്ത് | നക്ഷത്ര ഹൗസ് കാഞ്ഞിരത്തട്ട് കുറ്റ്യാട്ടൂർ, കണ്ണൂർ |
| ഡോ. അരുൾജിത്ത്. കെ. എം, മെഡിക്കൽ ഓഫീസർ PHC | അസിസ്റ്റന്റ് സർജൻ വയനാട് മെഡിക്കൽ കോളജ് | കൽപ്പകശ്ശേരി മണ്ണിൽ, കോണോട്ട്, കുരുവാറ്റൂർ, കോഴിക്കോട് |
| ശ്രീ. വിഷ്ണു. വി. ബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ്എഞ്ചിനീയർ, കണിച്ചാർ ഗ്രാമ പഞ്ചായത്ത് | വിഷ്ണു ഭവൻ, മോത്തോടം, മരങ്ങാട്-പി.ഒ, തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 1 |
| 1999-00 (പദ്ധതി ചെലവ്) | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 2 |
| 2000-01 (പദ്ധതി ചെലവ്) | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 1 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 1 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 2 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 1 |
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 12 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 3 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 3 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 3 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1403/2022 തീയതി 11.10.2022 | 1 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 655/2022 തീയതി 01.06.2022 | 23 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 656/2022 തീയതി 01.06.2022 | 22 |
| 2021-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ 1691/2022 തീയതി 28.02.2023 | 26 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കണ്ണൂർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 253/2023 dated 253/2023 dated 22-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kanichar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kanichar Grama Panchayat for the year 2022-2023

**Date: 15/11/2023** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kanichar Grama Panchayat for the Year 2022-2023.

### 1.Major Observations

Nil

### 2.Other Observations

1. Amount used for asset creation using specific grant account not trasferred to capital contribution and treated as revenue income.

2. Grant liability amount shown as liability in Balancesheet(CFC grant , distress relief fund) does not match with Bank account opened for the specified grant account.

3. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

4. The following mandatory Financial Statements such as B1 schedule, Ratios,comaritive amounts for the preceding year prescribed in 2011 Kerala Panchayat Raj Accounting rules are not submitted for audit

5. Notes to Account not submitted for audit

6. Lapses in making timely and accurate demand entries in respect of tax and non tax revenue

7. distress relief fund -The ammount directly credit by Bank not taken into account

8. Asset register has not been updated

9. the following registers are not maintained

i) Arrear demand register

II) Tender form sale registers

iii) Appropriation control register

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3
# ധനകാര്യ പത്രികകൾ

## 1. RECEIPT & PAYMENT STATEMENT - KANICHAR GRAMA PANCHAYAT

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code. No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 13178803.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1162702.00 |
| 140000000 | Fees & User Charges | RP-4 | 960623.00 |
| 150000000 | Sale & Hire Charges | RP-5 | 212811.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 7794000.00 |
| 171000000 | Interest Earned | RP-9 | 460720.00 |
| 190000000 | Prior Period Income | RP-11 | 175667.00 |
| 210000000 | Establishment Expenses | RP-12 | 7720.00 |
| 220000000 | Administrative Expenses | RP-13 | 140.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 5000.00 |
| 311000000 | Earmarked Funds | RP-28 | 269091.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14817642.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4328755.00 |
| 460000000 | Loans, Advances and Deposits | RP-49 | 16000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 243500.00 |
| 350000000 | Other Liabilities | RP-35 | 599400.00 |
| | **Grand total** | | **44232574.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 2250.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-16 | 552346.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14240.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1439198.00 |
| 460000000 | Loans, Advances and Deposits | RP-49 | 126000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 318705.00 |
| 350000000 | Other Liabilities | RP-35 | 22851832.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 18824379.00 |
| Cash | Cash | RP-40(b) | 103624.00 |
| | **Grand Total** | | **44232574.00** |

## 2. INCOME & EXPENDITURE STATEMENT – KANICHAR GRAMA PANCHAYAT

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule | Amount |

| | | No | |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4164964.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 95400.00 |
| 140000000 | Fee & User Charges | I-4 | 1141283.00 |
| 150000000 | Sale & Hire Charges | I-5 | 212811.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 114433424.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 460720.00 |
| 180000000 | Other Income | I-9 | 153381.00 |
| 190000000 | Prior Period Income | I-19 | 181495.00 |
| | **Total Income** | | **120661983.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 10647792.00 |
| 220000000 | Administrative Expenses | I-11 | 772645.00 |
| 230000000 | Operations & Maintenance | I-12 | 582477.00 |
| 240000000 | Interest & Finance Charges | I-13 | 1265.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6290724.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 25277749.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 9327274.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 32815423.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 24045800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1301619.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 1316288.00 |
| | **Total Expenditure** | | **112379056.00** |
| | **Gross Surplus / Deficit of income over Expenditure** | | **8282927.00** |
| | **Gross Surplus / Deficit of income over Expenditure** | | **8422613.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 41809.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **139686.00** |

3. **BALANCE SHEET – KANICHAR GRAMA PANCHAYAT**

| As on 31-March-2023 | | | |
|---|---|---|---|
| Code. | Description of Items | Schedule | Amount |

| No | | No | |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -869642.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 325250.00 |
| 312000000 | Reserves | B-3 | 73339437.00 |
| | **Total Reserve & Surplus** | | **72795045.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13535618.00 |
| | **Total Grants, Contributions for Specific Purposes** | | **13535618.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 5132334.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **5132334.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 536819.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3297051.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3833870.00** |
| | **TOTAL LIABILITIES** | | **95296867.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1371088.00 |
| 412000000 | Capital Work in Progress | B-11(b) | 2266239.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.0 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 12304140.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 100218746.00 |
| 416000000 | Accumulated Depreciation | B-11(a) | -45181515.00 |
| | **Total Fixed Assets** | | **70978698.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | **0.0** | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 640533.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1461198.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 18928003.00 |
| 460000000 | Loans, Advances and Deposits | B-18 | 3288435.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **24318169.00** |
| | **Other Assets** | | |

| | | | |
|---|---|---|---|
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **95296867.00** |

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, KANNUR